2026
NOVEMBER
12
THURSDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

ഇന്ത്യയെ ഇലക്ട്രിക് വാഹന ഹബ്ബാക്കാൻ കേന്ദ്രസർക്കാർ; പിയൂഷ് ഗോയലും സ്കോഡ മേധാവിയും കൂടിക്കാഴ്ച നടത്തി

ഹൈദരാബാദ്: കേന്ദ്ര വാണിജ്യവ്യവസായ മന്ത്രി പിയൂഷ് ഗോയൽ, സ്കോഡ ഓട്ടോ ഫോക്സ്വാഗൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ എം.ഡിയും സി.ഇ.ഒയുമായ പിയൂഷ് അറോറയുടെ നേതൃത്വത്തിലുള്ള ഉന്നതതല കോർപ്പറേറ്റ് പ്രതിനിധി സംഘവുമായി കൂടിക്കാഴ്ച നടത്തി.

രാജ്യത്തെ വാഹന മേഖലയുമായി ബന്ധപ്പെട്ട സുപ്രധാന വിഷയങ്ങളായിരുന്നു ചർച്ച ചെയ്തത്. ഇലക്ട്രിക് വാഹനങ്ങൾ പ്രാദേശികമായി നിർമ്മിക്കുന്നതിനെ കുറിച്ചും അവ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനെക്കുറിച്ചും ആയിരുന്നു പ്രധാന ചർച്ച. വിദേശത്തേക്കുള്ള വാഹന കയറ്റുമതി വർധിപ്പിക്കുക, ആഭ്യന്തര നിർമ്മാണ മേഖലയെ ശക്തിപ്പെടുത്തുക, ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണ ഘട്ടം വേഗത്തിലാക്കുക എന്നീ ലക്ഷ്യങ്ങൾക്കാണ് ഊന്നൽ നൽകിയത്. കൂടിക്കാഴ്ചയ്ക്ക് പിന്നാലെ പിയൂഷ് ഗോയലിന്റെ ഓഫീസ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ എക്സിൽ കുറിപ്പ് പങ്കുവെച്ചിരുന്നു.

സ്കോഡ ഓട്ടോ ഫോക്സ്വാഗൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിൻറെ എം.ഡിയും സി.ഇ.ഒയുമായ പിയൂഷ് അറോറയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘവുമായി മന്ത്രി പിയൂഷ് ഗോയൽ കൂടിക്കാഴ്ച നടത്തി. വാഹന കയറ്റുമതി വിപുലീകരിക്കുന്നതിനും, ആഗോള വാഹന നിർമ്മാണ കേന്ദ്രമെന്ന നിലയിൽ ഇന്ത്യയുടെ സ്ഥാനം മെച്ചപ്പെടുത്തുന്നതിനും, ഇലക്ട്രിക് വാഹന നിർമ്മാണം മുന്നോട്ട് കൊണ്ടുപോകുന്നതിനും ചർച്ചകൾ ശ്രദ്ധ കേന്ദ്രീകരിച്ചതായി കുറിപ്പിൽ പറയുന്നു.



കൊച്ചിയിൽ നിന്ന് 4 ചാർട്ടേഡ് വിമാനങ്ങൾ; യുദ്ധകാലത്ത് ലുലു ഗൾഫിലെത്തിച്ചത് 5200 ടൺ പച്ചക്കറി

കൊച്ചി: പശ്ചിമേഷ്യൻ യുദ്ധ പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കി ലുലുഗ്രൂപ്പ് ഇന്ത്യയിൽ നിന്ന് നടപ്പാക്കിയത് ബൃഹത്തായ കയറ്റുമതി പദ്ധതികൾ. പ്രതിമാസം 4 ചാർട്ടേഡ് വിമാന സർവീസുകളാണ് ലുലു ഗ്രൂപ്പ് കൊച്ചി വിമാനത്താവളത്തിൽ നിന്നു മാത്രം ഓപ്പറേറ്റ് ചെയ്യുന്നത്. ഇതിലൂടെ പ്രതിമാസം 320 ടണ്ണിലധികം പഴം, പച്ചക്കറി വിഭവങ്ങൾ ലുലുവിന്റെ കയറ്റുമതി വിഭാഗമായ ഫെയർ എക്സ്പോർട്ട് വഴി ഗൾഫ് രാജ്യങ്ങളിലെത്തുന്നുണ്ട്. നാഷനൽ എയർവേയ്സിന്റെ പ്രത്യേക ചാർട്ടേഡ് വിമാനമാണ് ലുലു ഉപയോഗിക്കുന്നത്. വിമാനമാർഗവും കപ്പൽ ഷിപ്മെന്റുകൾ വഴിയും കേരളത്തിൽ നിന്നുമാത്രം കഴിഞ്ഞ ഫെബ്രുവരി മുതൽ ലുലു കയറ്റുമതി ചെയ്തത് 5,200 മെട്രിക് ടണ്ണിലധികം കാർഷികോൽപന്നങ്ങളാണ്. പഴം, പച്ചക്കറി വിഭവങ്ങൾക്ക് പുറമേ ഇറച്ചി മീൻ വിഭവങ്ങളും കയറ്റിയയയ്ക്കുന്നുണ്ട്.

കഴിഞ്ഞ ദിവസം വരെ 3,094 മെട്രിക് ടൺ കാർഷികോൽപന്നങ്ങൾ കൊച്ചിയിൽ നിന്ന് കയറ്റുമതി ചെയ്തു. ഇതിൽ 2,951 മെട്രിക് ടൺ വിമാനമാർഗമാണ്. തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് കമേഴ്സ്യൽ വിമാനങ്ങളിലായി 2,106 ടൺ പഴം പച്ചക്കറി വിഭവങ്ങളും എത്തിച്ചു. ഡൽഹി, ബെംഗളൂരു തുടങ്ങിയ നഗരങ്ങളിൽ നിന്ന് വിമാന സർവീസുകളിലും പ്രത്യേക കാർഗോ സർവീസുകൾ വഴിയും മത്സ്യത്തിന്റെയും ഇറച്ചി ഉൽപന്നങ്ങളുടെയും കയറ്റുമതി നടത്തി.



മഹാനദി ബേസിനിൽ നിന്ന് വമ്പൻ പ്രകൃതിവാതക ശേഖരണത്തിന് കേന്ദ്രസർക്കാർ

കൊൽക്കത്ത: ഒഡീഷയ്ക്കു സമീപമുള്ള മഹാനദി ബേസിനിൽ നിന്ന് പ്രകൃതിവാതക ശേഖരണത്തിനും അത് ആഴക്കടലിൽ തന്നെ ദ്രവീകരിക്കാനും കഴിയുന്ന പദ്ധതി നടപ്പാക്കാൻ കേന്ദ്രം. 100 കോടി ഡോളർ (ഏകദേശം 9500 കോടി രൂപ) ചെലവ് വരുന്നതാണു പദ്ധതി. ഒഎൻജിസിയും ബ്രിട്ടിഷ് പെട്രോളിയവും റിലയൻസ് ഇൻഡസ്ട്രീസും ബേസിൻ സംയുക്തമായി വികസിപ്പിച്ച് പൊതുവായി ഉപയോഗിച്ചേക്കും.

കേന്ദ്ര പെട്രോളിയം മന്ത്രാലയം മുന്നോട്ടുവച്ച ഈ നിർദേശത്തെക്കുറിച്ച് പ്രാഥമിക ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതെക്കുറിച്ചു പഠിക്കാൻ വിദഗ്ധ സമിതിയെ ഉടനെ നിയമിച്ചേക്കും.

ആഴക്കടലിൽ കണ്ടെത്തുന്ന എണ്ണയും പ്രകൃതിവാതകവും ലാഭകരമായി വാണിജ്യ ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് മന്ത്രാലയം ഈ നിർദേശവുമായി മുന്നോട്ടുവന്നിട്ടുള്ളത്.

ഇത് യാഥാർഥ്യമാവുകയാണെങ്കിൽ മൂന്നു കമ്പനികൾക്കും ഈ സംവിധാനം പ്രത്യേകമായി നിർമിക്കുന്നതിന് ചെലവഴിക്കുന്ന നിക്ഷേപം ലാഭിക്കാൻ കഴിയും. പൊതുവായി ഉപയോഗിക്കുന്നതു വഴി അവയുടെ പ്രവർത്തനമികവ് കൂടുകയും സാമ്പത്തികമായി വിജയമാവുകയും ചെയ്യും.

ആഴക്കടൽ പ്രവർത്തനത്തിനുള്ള സംവിധാനം വളരെ സങ്കീർണവും ചെലവേറിയതുമാണ്. അതിനാൽ, ഓരോ കമ്പനിയും സംവിധാനം പ്രത്യേകം വികസിപ്പിച്ചാൽ, അവരുടെ പ്രവർത്തനം നഷ്ടത്തിൽ കലാശിക്കാൻ സാധ്യതയേറെയാണ്.

ICL
Join ICL, Grow with us
ICL Fincorp
*As Per EMI Scheme Basis *T&C Apply
ഗോൾഡ് ലോൺ @ 7.5* പൈസ
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53

പിരിച്ചുവിട്ട ജീവനക്കാരെ ഉയർന്ന ശമ്പളത്തിൽ തിരികെ വിളിച്ച് കമ്പനികൾ

ന്യൂഡൽഹി: നിർമ്മിത ബുദ്ധിയുടെ വരവോടെ ജോലിയിൽ നിന്ന് പിരിച്ചുവിട്ട ജീവനക്കാരെ കമ്പനികൾ കൂട്ടത്തോടെ തിരികെ വിളിക്കുന്നതായി പുതിയ റിപ്പോർട്ട്. ടാലന്റ് അസ്സെസ്മെന്റ് സ്ഥാപനമായ എസ്എച്ച്എൽ നടത്തിയ സർവേയിലാണ് 'എഐ റീബൗണ്ടിങ്' എന്ന് വിശേഷിപ്പിക്കുന്ന ഈ പ്രവണത വ്യക്തമാകുന്നത്.

അമേരിക്കയിലും ബ്രിട്ടനും അടക്കം ഇത് വ്യാപകമായിക്കഴിഞ്ഞു. മനുഷ്യർ ചെയ്യുന്ന എല്ലാ ജോലികളും എഐക്ക് കൃത്യതയോടെ ചെയ്യാൻ കഴിയില്ലെന്ന് തിരിച്ചറിഞ്ഞതാണ് ഇത്തരം ഒരു മാറ്റത്തിന് കമ്പനികളെ നിർബന്ധിതരാക്കിയത്. അമേരിക്കയിൽ അഞ്ചിൽ ഒരാൾ എന്ന തോതിൽ പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് സ്ഥാപനങ്ങളിൽ നിന്ന് തിരികെ വിളിയെത്തുന്നുണ്ട്.

എന്നാൽ, ജോലിയിൽ നിന്ന് ഒഴിവാക്കിയ ജീവനക്കാരെ തിരികെയെത്തിക്കുക എന്നത് സ്ഥാപനങ്ങൾക്ക് അത്ര എളുപ്പമല്ല. മടങ്ങിവരാൻ തയ്യാറായവരിൽ 51 ശതമാനം പേരും മുൻപത്തേക്കാൾ ഉയർന്ന ശമ്പളമാണ് ആവശ്യപ്പെടുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY



സേഫ്കോൺ സമ്മേളനം ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: ശുപത്രികളിലെ ചികിത്സാ പിഴവുകളും സുരക്ഷാ വീഴ്ചകളും ഒഴിവാക്കുന്നതിനായി ആരോഗ്യപ്രവർത്തകർക്ക് ഭയമില്ലാതെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടാനും പരിഹാരനടപടികൾ നിർദേശിക്കാനും കഴിയുന്ന തൊഴിൽസംസ്കാരം വളർത്തിയെടുക്കുമെന്ന് ആരോഗ്യദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ. രോഗീസുരക്ഷ ഉറപ്പാക്കേണ്ടത് ഡോക്ടർമാരുടെയും നഴ്സുമാരുടെയും മാത്രം ഉത്തരവാദിത്തമല്ലെന്നും ആശുപത്രി ഭരണനേതൃത്വം മുതൽ എല്ലാ ജീവനക്കാർക്കും കൂട്ടായ ഉത്തരവാദിത്തമുണ്ടെന്നും മന്ത്രി പറഞ്ഞു. ആരോഗ്യപരിപാലന സ്ഥാപനങ്ങളിൽ സുരക്ഷിതവും ഗുണമേന്മയുള്ളതുമായ ചികിത്സ ഉറപ്പാക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റും തിരുവനന്തപുരം മെഡിക്കൽ കോളേജും സംയുക്തമായി സംഘടിപ്പിച്ച 'സേഫ്കോൺ' സമ്മേളനവും 'സ്റ്റീരിയോസർജ്' സംവിധാനവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

മരുന്നുകളുടെ കൃത്യത ഉറപ്പാക്കുക, കാലാവധി കഴിഞ്ഞ മരുന്നുകൾ വിതരണം ചെയ്യാതിരിക്കുക, ശസ്ത്രക്രിയകളുടെ സുരക്ഷ ഉറപ്പാക്കുക, അണുബാധ നിയന്ത്രിക്കുക, രോഗികളുടെ വിവരങ്ങൾ കൃത്യമായി കൈമാറുക തുടങ്ങിയ കാര്യങ്ങളിൽ പ്രത്യേക ജാഗ്രത വേണമെന്ന് മന്ത്രി പറഞ്ഞു. ചികിത്സയ്ക്കിടെ സംഭവിക്കാവുന്ന അപകടങ്ങളും പിഴവുകളും മുൻകൂട്ടി തിരിച്ചറിഞ്ഞ് ഒഴിവാക്കുന്നതിനുള്ള കൂട്ടായ പരിശ്രമങ്ങൾക്ക് 'സേഫ്കോൺ' പോലുള്ള സമ്മേളനങ്ങൾ വഴിയൊരുക്കുമെന്നും സുരക്ഷാ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടുന്ന ആരോഗ്യപ്രവർത്തകരെ ശിക്ഷിക്കുന്നതിന് പകരം വീഴ്ചകളുടെ യഥാർഥ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുന്ന സമീപനമാണ് സ്വീകരിക്കേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി. ചികിത്സാപിഴവ് സംബന്ധിച്ച പരാതികളിൽ സ്വതന്ത്രവും വിദഗ്ധവുമായ അന്വേഷണം നടത്തി വസ്തുതകൾ പരിശോധിച്ച ശേഷമേ തീരുമാനമെടുക്കൂവെന്നും എന്നാൽ വീഴ്ചകൾ കണ്ടെത്തിയാൽ കർശന നടപടിയുണ്ടാകുമെന്നും മന്ത്രി അറിയിച്ചു.

ആരോഗ്യമേഖലയിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ സർക്കാർ ആശുപത്രികളിലെ സേവനങ്ങളുടെ ഗുണനിലവാരം കുറയാൻ അനുവദിക്കില്ലെന്നും മന്ത്രി വ്യക്തമാക്കി. സർക്കാർ മെഡിക്കൽ കോളേജുകളെ മികച്ച ചികിത്സാ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. എല്ലാ മെഡിക്കൽ കോളേജുകളിലും ഒരേ നിലവാരത്തിലുള്ള ചികിത്സാസൗകര്യങ്ങൾ ഉറപ്പാക്കുമെന്നും ചികിത്സാപിഴവുകൾ ഉണ്ടാകാതിരിക്കാൻ ആശുപത്രികളിൽ പഠനവും സ്വയംവിലയിരുത്തലും പ്രോത്സാഹിപ്പിക്കുന്നതിന് നടപടിയുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

ഇന്റർവെൻഷണൽ റേഡിയോളജിസ്റ്റ് ഡോ. അജയ് അലക്സ് 'സ്റ്റീരിയോസർജ്' സംവിധാനത്തിന്റെ പ്രവർത്തനരീതി വിശദീകരിച്ചു. സി.ടി., എം.ആർ.ഐ. സ്കാനുകളിലൂടെ ലഭിക്കുന്ന മനുഷ്യശരീരത്തിന്റെ ആന്തരിക ഭാഗങ്ങളുടെ ചിത്രങ്ങൾ ത്രിമാനരൂപത്തിൽ ദൃശ്യവൽക്കരിക്കാൻ സഹായിക്കുന്ന ആധുനിക സാങ്കേതികവിദ്യയാണ് സ്റ്റീരിയോസർജ്'. ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ള ചികിത്സാനടപടികൾ കൂടുതൽ കൃത്യതയോടെ ആസൂത്രണം ചെയ്യാനും ശരീരത്തിലെ സങ്കീർണമായ ഘടനകൾ വ്യക്തമായി മനസിലാക്കാനും ഈ സംവിധാനം സഹായിക്കും.

ശ്രീചിത്രയിൽ ഇൻകുബേറ്റ് ചെയ്ത സ്റ്റാർട്ടപ്പായ ബറോൺ, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ്, ഗവൺമെന്റ് എൻജിനീയറിങ് കോളേജ് എന്നിവയുടെ സഹകരണത്തോടെയാണ് സാങ്കേതികവിദ്യ വികസിപ്പിച്ചത്.

ചടങ്ങിൽ വി. മുരളീധരൻ എം.എൽ.എ അധ്യക്ഷനായിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. കെ.വി. വിശ്വനാഥൻ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. വി. മീനാക്ഷി, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ സൂപ്രണ്ട് ഡോ. ഈശ്വർ എച്ച്.വി., മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് ഡയറക്ടർ ഡോ. മിനി എസ്.എസ്., ജോയിന്റ് ഡയറക്ടർ (പ്ലാനിങ് ആൻഡ് ഡെവലപ്മെന്റ്) ഡോ. പി.കെ. ജബ്ബാർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. രഞ്ജു രവീന്ദ്രൻ, വൈസ് പ്രിൻസിപ്പൽ ഡോ. ബിന്ദു പി., മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട് ഡോ. സി.ജി. ജയചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

ട്രാക്ക് നിർമാണത്തിനുള്ള റെയിൽ യോജിപ്പിക്കൽ അടുത്തയാഴ്ച

കൊച്ചി: കൊച്ചി മെട്രോ രണ്ടാംഘട്ട പാതയുടെ വയഡക്ടുകൾ 70 ശതമാനം പൂർത്തിയായ സാഹചര്യത്തിൽ വയഡക്ടുകളിൽ ട്രാക്ക് നിർമാണത്തിനുള്ള റെയിലുകൾ കൂട്ടിയോജിപ്പിക്കൽ അടുത്തയാഴ്ച ആരംഭിക്കാമെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്മാനേജിംഗ് ഡയറക്ടർ ജി. പ്രിയങ്കയുടെ നേതൃത്വത്തിൽ ചേർന്ന അവലോകന യോഗം തീരുമാനിച്ചു. റെയിലുകൾ കൂട്ടിയോജിപ്പിക്കുന്നതിനായുള്ള മെഷിനുകൾ കൊച്ചിയിലെത്തിച്ച് ടെസ്റ്റ് വെൽഡിംഗ് കഴിഞ്ഞു. ഇതിന്റെ സാംപിൾ പരിശോധനയ്ക്കായി ആരക്കോണം സതേൺ റെയിൽവേ ലബോറട്ടറിയിലേക്ക് അയക്കും. പരിശോധനാഫലം അനുകൂലമാണെങ്കിൽ അടുത്തയാഴ്ച റെയിൽ ജോലികൾ ആരംഭിക്കാനാകുമെന്നാണ് കരുതുന്നത്.

നിലവിൽ നിർമാണം നടക്കുന്ന രണ്ടാംഘട്ട പാതയുടെ ഇരുദിശകളിലേക്കും(രണ്ടു ലൈൻ) 13 കിലോമീറ്റർ ട്രാക്കിനുള്ള വയഡക്ട് പൂർത്തിയായിട്ടുണ്ട്. ബാലസ്റ്റ് ലെസ് ട്രാക്കിന് ആവശ്യമായ 44 കിലോമീറ്റർ(2,700 മെട്രിക് ടൺ) റെയിലുകൾ നേരത്തെ എത്തിച്ചിരുന്നു. 18 മീറ്റർ നീളത്തിലുള്ള റെയിലുകളാണു കൂട്ടിയോജിപ്പിക്കേണ്ടത്. രണ്ടാംഘട്ട പാതയ്ക്കായി ആകെ 2,444 റെയിലുകളാണ് എത്തിച്ചിരിക്കുന്നത്. കലൂർ ജെഎൽഎൻ സ്റ്റേഡിയം മുതൽ കാക്കനാട് വഴി സ്മാർട് സിറ്റി വരെ ഇതുവരെ 954 കോടി രൂപയുടെ നിർമാണപ്രവർത്തനങ്ങൾ പൂർത്തിയാക്കി.

വയഡക്ടുകൾക്ക് ഒപ്പം സ്റ്റേഷനുകളുടെ നിർമാണവും പുരോഗമിക്കുന്നുണ്ട്. ചിറ്റേത്തുകര സ്റ്റേഷന്റെ ഇരുവശവും, കിൻഫ്ര പാർക്ക് സ്റ്റേഷന്റെ ഇടതുവശം, വാഴക്കാല സ്റ്റേഷന്റെ വലതുവശം എന്നിവയുടെ സ്ട്രക്ച്ചറൽ ജോലികളും കഴിഞ്ഞു. മറ്റു സ്റ്റേഷനുകളിലേത് പുരോഗമിക്കുകയാണ്.



'ഹൃദയസംഗമം 2026' സംഘടിപ്പിച്ച് ആസ്റ്റർ പിഎംഎഫ് കൊല്ലം

കൊല്ലം: ഹൃദയശസ്ത്രക്രിയക്ക് ശേഷം ജീവിതത്തിലേക്ക് തിരികെ എത്തിയ രോഗികളുടെ കൂട്ടായ്മ 'ഹൃദയസംഗമം 2026' സംഘടിപ്പിച്ച് ആസ്റ്റർ പിഎംഎഫ് കൊല്ലം. കാർഡിയോ തൊറാസിക് ആൻഡ് വാസ്കുലർ സർജറി (സിടിവിഎസ്) വിഭാഗത്തിന്റെ നേതൃത്വത്തിൽ കൊറോണറി ആർട്ടറി ബൈപാസ് ഗ്രാഫ്റ്റ് (സിഎബിജി)യും വാൽവ് മാറ്റിവെക്കൽ സർജറിയും വിജയകരമായി പൂർത്തിയാക്കിയ അറുപതോളം രോഗികളും അവരുടെ കുടുംബാംഗങ്ങളും പരിപാടിയിൽ പങ്കെടുത്ത് തങ്ങളുടെ അനുഭവങ്ങൾ പരസ്പരം പങ്കുവെച്ചു.

ഹൃദയത്തിന്റെയും രക്തക്കുഴലുകളുടെയും അടിയന്തര ശസ്ത്രക്രിയകൾ കൈകാര്യം ചെയ്യുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന വൈദ്യശാസ്ത്ര ശാഖയാണ് സിടിവിഎസ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട സിഎബിജി ശസ്ത്രക്രിയ, ഹൃദയത്തിലേക്കുള്ള രക്തയോട്ടത്തിലെ തടസ്സങ്ങൾ നീക്കി രോഗികൾക്ക് പുതിയൊരു ജീവിതം സമ്മാനിക്കുന്നതിൽ വലിയ വിജയമാണ് കൈവരിച്ചിട്ടുള്ളത്. നൂതന സാങ്കേതികവിദ്യകളും വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനവും ഉപയോഗപ്പെടുത്തി ഇത്തരം സങ്കീർണ്ണമായ ശസ്ത്രക്രിയകൾ വിജയകരമായി പൂർത്തിയാക്കാൻ കഴിയുന്നത് രോഗികൾക്ക് വലിയ ആശ്വാസമാണ്.

പരിപാടിയിൽ കാർഡിയോതൊറാസിക് ആൻഡ് വാസ്കുലാർ സർജൻ (സിടിവിഎസ്) കൺസൾട്ടന്റ് ഡോ. ആകാശ് എസ്., കാർഡിയാക് അനസ്തീസിയ കൺസൾട്ടന്റ് ഡോ. കൃഷ്ണനുണ്ണി, ആസ്റ്റർ പിഎംഎഫ് കൊല്ലം സിഒഒ വിജിഷ് വി.കെ. ഉൾപ്പെടെ മറ്റ് ഡിപ്പാർട്മെന്റ് മേധാവിമാരും ഡോക്ടർമാരും നേഴ്സിംഗ്, ആശുപത്രി സ്റ്റാഫുകളും പങ്കെടുത്തു.

കഴിഞ്ഞ മൂന്നു വർഷം മുൻപ് വരെ സർജറി പൂർത്തിയാക്കിയവരും ബന്ധുക്കളുമായി അറുപതലധികം പേരാണ് സംഗമത്തിൽ എത്തിച്ചേർന്നത്. നേഴ്സിംഗ് സ്റ്റാഫുകളുടെയും മറ്റ് ജീവനക്കാരുടെയും നേതൃത്വത്തിൽ വിവിധ കലാപരിപാടികളും ചടങ്ങിന്റെ ഭാഗമായി നടന്നു.



സൊസൈറ്റി ടുഡേ
SOCIETY TODAY

ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിങ്ങ് അവാർഡ് നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു

250,000 യുഎസ് ഡോളർ സമ്മാനത്തുക

കൊച്ചി: ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിങ്ങ് അവാർഡിന്റെ ആറാം പതിപ്പിലേക്കുള്ള നാമനിർദ്ദേശങ്ങൾ സ്വീകരിക്കുന്നത് ആരംഭിച്ച് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ. ലോകമെമ്പാടുമുള്ള രജിസ്റ്റർ ചെയ്ത നഴ്സുമാർക്ക് ആരോഗ്യ സംരക്ഷണ മേഖലയ്ക്ക് നൽകിയ സംഭാവനകൾ പ്രദർശിപ്പിക്കാൻ അവസരമൊരുക്കുന്ന നഴ്സിങ്ങ് അവാർഡിന് 250,000 യുഎസ് ഡോളറാണ് സമ്മാനത്തുക. നഴ്സുമാരുടെ മികവിനെ അംഗീകരിക്കുന്നതിനായി സ്ഥാപിതമായ ഈ അവാർഡ്, രോഗീ പരിചരണം, ആരോഗ്യസംരക്ഷണം, സമൂഹങ്ങളിൽ അർത്ഥവത്തായ മാറ്റം വരുത്തുക എന്നിവയ്ക്കായി പ്രവർത്തിക്കുന്ന നഴ്സിങ്ങ് രംഗത്തെ വ്യക്തികളെയാണ് അവാർഡിലൂടെ ആദരിക്കുന്നത്. ലോകമെമ്പാടുമുള്ള രജിസ്റ്റർ ചെയ്ത നഴ്സുമാർക്ക് ഈ അവാർഡിനായി അപേക്ഷിക്കാം.

പേഷ്യന്റ് കെയർ, നഴ്സിങ്ങ് വിദ്യാഭ്യാസം, ഹെൽത്ത് കെയർ/പബ്ലിക് ഹെൽത്ത്, റിസർച്ച്/ഇന്നൊവേഷൻ/ഹെൽത്ത് കെയറിലെ സംരംഭകത്വം, നഴ്സിങ്ങ് ലീഡർഷിപ്പ്/അഡ്മിനിസ്ട്രേഷൻ എന്നിവയിലുടനീളം നടത്തിയ പ്രവർത്തനത്തിന്റെ വ്യാപ്തിയും സ്വാധീനവും എടുത്തുകാണിക്കാനും കഥകൾ പങ്കിടാനും ഇതിലൂടെ നഴ്സുമാർക്ക് അവസരമൊരുക്കും. ലോകമെമ്പാടുമുള്ള നഴ്സുമാരുടെ സംഭാവനകളെ അംഗീകരിക്കുന്നതിനായി ഡോ. ആസാദ് മൂപ്പന്റെ നേതൃത്വത്തിൽ 2021ലാണ് ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിങ്ങ് അവാർഡ് ഏർപ്പെടുത്തിയത്. 2026ലെ പതിപ്പിന് 214 രാജ്യങ്ങളിൽ നിന്നായി ലഭിച്ച 134,000ലധികം രജിസ്ട്രേഷനുകളാണ് ലഭിച്ചത്. 2027 പതിപ്പിനുള്ള അപേക്ഷകൾ www.asterguardians.com വഴി ഇഷ്ട ഭാഷയിൽ 2026 ഡിസംബർ 31നകം സമർപ്പിക്കാം.

വിവിധ ഘട്ടങ്ങളിലുള്ള മൂല്യനിർണ്ണയ പ്രക്രിയ സ്വതന്ത്രമായി കൈകാര്യം ചെയ്യുന്നത് ഏണസ്റ്റ് ആൻഡ് യംഗ് എൽഎൽപിയും (ഇവൈ) അന്താരാഷ്ട്ര ഗ്രാൻഡ് ജൂറിയുടെയും മേൽനോട്ടത്തിലുമാണ്. കർശന മൂല്യനിർണ്ണയ പ്രക്രിയയ്ക്ക് ശേഷം, മികച്ച 10 ഫൈനലിസ്റ്റുകളെ തിരഞ്ഞെടുക്കും. തുടർന്ന് 2027 മെയിൽ അന്താരാഷ്ട്ര നഴ്സസ് ദിനത്തിൽ നടക്കുന്ന ആഗോള അവാർഡ് ദാന ചടങ്ങിൽ അന്തിമ ജേതാവിനെ പ്രഖ്യാപിക്കും.

'നഴ്സുമാരെ അവർ നൽകുന്ന പരിചരണത്തിന് മാത്രമല്ല, അവർ മുന്നോട്ട് കൊണ്ടുപോകുന്ന ആശയങ്ങൾക്കും, ശക്തിപ്പെടുത്തുന്ന സംവിധാനങ്ങൾക്കും, പരിവർത്തനം ചെയ്യുന്ന കമ്മ്യൂണിറ്റികൾക്കും കൂടി അംഗീകാരം നൽകുന്ന ഒരു വേദി സൃഷ്ടിക്കുക എന്നതായിരുന്നു ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിങ്ങ് അവാർഡ് ഏർപ്പെടുത്തിയപ്പോൾ മുന്നിൽകണ്ട ദർശനമെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപക ചെയർമാൻ ഡോ.ആസാദ് മൂപ്പൻ പറഞ്ഞു. ആറാം പതിപ്പ് ആരംഭിക്കുമ്പോൾ, ഈ രംഗത്തെ കൂടുതൽ കഥകൾ അവതരിപ്പിക്കുന്നതിനും അസാധാരണമായ നഴ്സിങ്ങ് സംഭാവനകൾക്ക് അർഹിക്കുന്ന അംഗീകാരവും പ്രോത്സാഹനവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയുമാണെന്നും ഡോ.ആസാദ് മൂപ്പൻ വ്യക്തമാക്കി.

കൊച്ചിയിൽ നടന്ന അഞ്ചാം പതിപ്പിൽ മലയാളി നഴ്സ് ഡോ. അജിമോൾ പ്രദീപായിരുന്നു ജേതാവ്. യുകെ കിംഗ്സ് കോളേജ് ഹോസ്പിറ്റലിലെ സീനിയർ ട്രാൻസ്പ്ലാന്റ് കോർഡിനേറ്ററും, സാൽഫോർഡ് സർവകലാശാലയിലെ ഓണററി സീനിയർ ലക്ചററുമാണ് ഡോ. അജിമോൾ പ്രദീപ്.

കുട്ടികളുടെ മാനസികാരോഗ്യത്തിനായി ഹാപ്പിനസ് ഫെസ്റ്റിവലുമായി വിഎൻആർഎ

എളമക്കര: കുട്ടികളുടെ മാനസികാരോഗ്യവും വൈകാരിക ക്ഷേമവും ലക്ഷ്യമിട്ട് എളമക്കര വിവേകാനന്ദ നഗർ റസിഡന്റ്സ് അസോസിയേഷന്റെ (വിഎൻആർഎ)നേതൃത്വത്തിൽ പ്രത്യേക ഹാപ്പിനസ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. കൊച്ചി കോർപ്പറേഷൻ, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, കേരള പോലീസിന്റെ പ്രത്യേക വിഭാഗം എന്നിവയുടെ സഹകരണത്തോടെയാണ് ഈ പരിപാടി ഒരുക്കിയിരിക്കുന്നത്. ഈ മാസം 14ന് വൈകിട്ട് 3.30 മുതൽ വിവേകാനന്ദ നഗർ സമൂഹ കേന്ദ്രത്തിലാണ് ഈ ആഹ്ലാദോത്സവം അരങ്ങേറുന്നത്.കുട്ടികൾക്ക് സന്തോഷത്തോടെയും ആത്മവിശ്വാസത്തോടെയും വളരാൻ സാധിക്കുന്ന ആരോഗ്യകരമായ ഒരു സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

പഠനത്തിലെ സമ്മർദ്ദം, സമൂഹത്തിന്റെ പ്രതീക്ഷകൾ, മാറിക്കൊണ്ടിരിക്കുന്ന ജീവിതരീതികൾ, ഡിജിറ്റൽ ലോകത്തിന്റെ സ്വാധീനം തുടങ്ങിയ വിവിധ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ മാനസികവും വൈകാരികവുമായ കരുത്ത് വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യം ഈ മേള ഓർമ്മിപ്പിക്കുന്നു. കുട്ടികളുടെ ആശങ്കകൾ മനസ്സിലാക്കാനും അവർക്ക് തുറന്നു സംസാരിക്കാനുള്ള അവസരം ഒരുക്കാനും കുടുംബങ്ങളും സമൂഹവും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ പ്രാധാന്യമാണ് ഇതുവഴി വിഎൻആർഎ ലക്ഷ്യമാക്കുന്നത്.

ഹാപ്പിനസ് ഫെസ്റ്റിവലിന്റെ ഭാഗമായി കുടുംബങ്ങൾക്കായി നിധി കണ്ടെത്തൽ വിനോദം, സർഗാത്മക ശിൽശാലകൾ, വിവിധ കളികൾ, സംഗീതത്തിലൂടെയുള്ള മാനസിക വിസ്മയങ്ങൾ, മാനസികാരോഗ്യ ബോധവത്കരണ ക്ലാസുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. കുട്ടികളുടെ സർഗാത്മകതയും ആത്മവിശ്വാസവും ആശയവിനിമയ ശേഷിയും വർദ്ധിപ്പിക്കുന്നതിനോടൊപ്പം മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള പരസ്പര ബന്ധം കൂടുതൽ ദൃഢമാക്കാൻ ഇത്തരം വിനോദങ്ങൾ സഹായകരമാകും.

കുട്ടികളുടെ സന്തോഷവും മാനസിക ക്ഷേമവും കുടുംബങ്ങളുടെ മാത്രം ഉത്തരവാദിത്വമല്ലെന്നും സമൂഹത്തിന്റെയാകെ പങ്കാളിത്തം അതിൽ അത്യന്താപേക്ഷിതമാണെന്നും ഈ കൂട്ടായ്മ വ്യക്തമാക്കുന്നു. സന്തോഷമുള്ള കുട്ടികൾക്കായി ശക്തമായ കുടുംബങ്ങൾ എന്ന സന്ദേശമുയർത്തി സംഘടിപ്പിക്കുന്ന ഈ പരിപാടിയിലേക്ക് എല്ലാ കുടുംബങ്ങളെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

ഇന്റർനെറ്റ് വേഗം: എയർടെൽ ഒന്നാമത്

തിരുവനന്തപുരം: ഇന്ത്യയിൽ ഇന്റർനെറ്റ് അപ്ലോഡ്, ഡൗൺലോഡ് വേഗതകളിൽ എയർടെൽ ഒന്നാമത്. ഉപഭോക്താക്കളുടെ കണ്ക്ടിവിറ്റി സംബന്ധമായ കാര്യങ്ങൾ വിശകലനം ചെയ്യുന്ന സ്വതന്ത്ര, അന്താരാഷ്ട്ര സ്ഥാപനമായ ഓപ്പൺസിഗ്നലിന്റെ 2026 നവംബർ റിപ്പോർട്ടിലാണ് ഇക്കാര്യമുള്ളത്.

ഇന്ത്യയിലെ മികച്ച ഹോം ഇന്റർനെറ്റും എയർടെല്ലാണ്. ഓപ്പൺസിഗ്നലിന്റെ അഞ്ച് ഓവറാൾ അവാർഡുകളും എയർടെല്ലിന് ലഭിച്ചു. റിലയബിലിറ്റി, സ്ഥിരതയാർന്ന ഗുണനിലവാരം, ഡൗൺലോഡ് വേഗം, അപ്ലോഡ് വേഗം, വീഡിയോ എന്നിവയിൽ എയർടെൽ ഒന്നാമത് ആണ്.

എയർടെല്ലിന്റെ ഓവറാൾ റിലയബിലിറ്റി സ്കോർ 486 പോയിന്റാണ്. ഈ സ്കോറിൽ ജിയോ എയർടെല്ലിനേക്കാൾ 63 പോയിന്റുകൾ പിന്നിലാണ്. കൂടാതെ, അപ്ലോഡ്, ഡൗൺലോഡ് വേഗതകളിൽ എയർടെല്ലിന് ജിയോയേക്കാൾ 26-27 % കൂടുതൽ വേഗമുണ്ട്. ഈ വേഗതകളിൽ രണ്ടാം സ്ഥാനം ബിഎസ്എൻഎല്ലിനാണ്.

പുതുതലമുറ കുടുംബത്തോടൊപ്പം യാത്രചെയ്യാൻ താത്പര്യപ്പെടുന്നതായി എയർ ബി എൻ ബി സർവേ

കൊച്ചി: ഇന്ത്യൻ കുടുംബങ്ങളുടെ അവധിക്കാല യാത്രാരീതികളിൽ പുതിയ മാറ്റങ്ങൾ വരുന്നതായി എയർബിഎൻബിയുടെ പുതിയ സർവേ.കാഴ്ചകൾ കാണുന്നതിനപ്പുറം വിവിധ തലമുറകളിൽപ്പെട്ട കുടുംബാംഗങ്ങൾക്കൊപ്പം ഗുണനിലവാരമുള്ള സമയം ചെലവഴിക്കാനാണ് ഇന്നത്തെ യാത്രക്കാർ കൂടുതൽ താൽപ്പര്യപ്പെടുന്നത്. ജെൻ സി, മില്ലേനിയൽ വിഭാഗങ്ങളിൽപ്പെട്ടവരിൽ 75 ശതമാനം പേരും വ്യത്യസ്ത തലമുറകളിലുള്ള ബന്ധുക്കൾക്കൊപ്പമുള്ള യാത്രകൾക്കാണ് മുൻഗണന നൽകുന്നത്.

55 ശതമാനം പേർ ഓർമ്മകൾ സൃഷ്ടിക്കുന്നതിനും,52 ശതമാനം പേർ യാത്രകൾ ഒരുമിച്ച് ആസ്വദിക്കുന്നതിനും 51ശതമാനം പേർ ഇത്തരം യാത്രകൾ കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഏറെ സഹായിക്കുമെന്നും അഭിപ്രായപ്പെട്ടു. വലിയ കുടുംബങ്ങളായുള്ള യാത്രകളുടെ വർദ്ധനവ് എയർബിഎൻബിയുടെ ഡാറ്റയിലും വ്യക്തമാണ്.

ലക്ഷ്യസ്ഥാനങ്ങൾ സന്ദർശിക്കുന്നതിനൊപ്പം താമസസ്ഥലത്ത് ഒന്നിച്ച് വിശ്രമിക്കാനും സമയം ചെലവഴിക്കാനുമാണ് 63 ശതമാനം ആഗ്രഹിക്കുന്നത്.ഭക്ഷണം പങ്കിടുക, ഗെയിമുകൾ കളിക്കുക, ഒരുമിച്ച് സിനിമകൾ കാണുക തുടങ്ങിയ കാര്യങ്ങൾക്കും യാത്രക്കാർ വലിയ പ്രാധാന്യം നൽകുന്നുണ്ട്. പ്രകൃതിരമണീയമായ സ്ഥലങ്ങൾക്കും ഗ്രാമീണമേഖലകൾക്കുമാണ് യാത്രക്കാരുടെ ഇടയിൽ ഏറ്റവും കൂടുതൽ പ്രിയമുള്ളത്.

വാട്സ്ആപ്പിലൂടെ സേവിങ്സ് അക്കൗണ്ട് തുറക്കാൻ ഉജ്ജീവൻ ബാങ്ക്

കൊച്ചി: വാട്സ്ആപ്പ് ബാങ്കിങ് സംവിധാനത്തിലൂടെ നേരിട്ട് സേവിങ്സ് അക്കൗണ്ട് തുറക്കാനുള്ള സൗകര്യം അവതരിപ്പിച്ച് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്. 900 208 2121 എന്ന നമ്പറിലേക്ക് 'Hi' സന്ദേശം അയച്ച് ഉപഭോക്താക്കൾക്ക് അക്കൗണ്ട് തുറക്കാം. മൊബൈൽ നമ്പർ, പാൻ, ആധാർ അല്ലെങ്കിൽ സികെവൈസി വിവരങ്ങൾ പരിശോധിച്ച് അക്കൗണ്ട് വേരിയന്റ് തിരഞ്ഞെടുത്ത ശേഷം വീഡിയോ കെവൈസി പൂർത്തിയാക്കുന്നതോടെ നടപടികൾ പൂർത്തിയാകും. നിലവിൽ 15 ലക്ഷത്തിലധികം ഉപഭോക്താക്കൾ ബാങ്കിന്റെ വാട്സ്ആപ്പ് സേവനം ഉപയോഗിക്കുന്നുണ്ട്. ബാലൻസ് പരിശോധന, ഇടപാട് വിവരങ്ങൾ, അക്കൗണ്ട് സ്റ്റേറ്റ്മെന്റ് തുടങ്ങി 50ലധികം സേവനങ്ങളും ഇതിലൂടെ ലഭ്യമാണ്.

ബിൽഡ് സമ്മിറ്റ് 3.0: ഐ.എൽ.ഡി ചികിത്സയിലെ ആഗോള വിദഗ്ധർ കൊച്ചിയിൽ; ഇന്ത്യയിലെ ചികിത്സാരംഗത്തിന് പുതിയ മുന്നേറ്റം

കൊച്ചി : ഇന്റർസ്റ്റീഷ്യൽ ലങ് ഡിസീസസ് (ILD) ചികിത്സാരംഗത്തെ ആഗോള വിദഗ്ധരെ ഒരുമിച്ചുചേർത്ത് അമൃത ആശുപത്രി സംഘടിപ്പിക്കുന്ന ബിൽഡ് സമ്മിറ്റ് 3.0 നവംബർ 14, 15 തീയതികളിൽ കൊച്ചി മറൈൻ ഡ്രൈവിലെ വിവാന്ത ബൈ താജിൽ നടക്കും. അമൃത ആശുപത്രി റെസ്പിറേറ്ററി മെഡിസിൻ വിഭാഗം മേധാവിയും പ്രൊഫസറുമായ ഡോ. അസ്മിത മേത്തയുടെ നേതൃത്വത്തിലാണ് സമ്മേളനം.

'അതിരുകൾക്കപ്പുറം: സഹകരണം, കൃത്യത, നൂതനത്വം എന്നിവയിലൂടെ ഐഎൽഡി ചികിത്സയ്ക്ക് പുതിയ ദിശാബോധം' എന്നതാണ് ഈ വർഷത്തെ പ്രമേയം.

കാനഡയിലെ മക്മാസ്റ്റർ സർവകലാശാലയിലെ പ്രൊഫ. മാർട്ടിൻ കോൾബ്, അമേരിക്കയിലെ ചിക്കാഗോ സർവകലാശാലയിലെ പ്രൊഫ. ദേജി അഡെഗുൻസോയെ, നെതർലൻഡ്സിലെ ഇറാസ്മസ് യൂണിവേഴ്സിറ്റി മെഡിക്കൽ സെന്ററിലെ പ്രൊഫ. മാർലീസ് വൈസൻബീക്ക് എന്നിവർ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര വിദഗ്ധർ സമ്മേളനത്തിൽ പങ്കെടുക്കും. പ്രൊഫ. മാർലീസ് വൈസൻബീക്ക് ഓൺലൈനായാണ് പ്രഭാഷണം നടത്തുക. ശ്രീലങ്കയിൽ നിന്നുള്ള ഡോ. അമില രത്നപാലയ്ക്കൊപ്പം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രമുഖ ഐഎൽഡി വിദഗ്ധരും പങ്കെടുക്കും.

ഫൈബ്രോട്ടിക് ഐഎൽഡിക്കുള്ള നൂതന ചികിത്സകൾ, പ്രിസിഷൻ മെഡിസിൻ, പുതിയ ബയോമാർക്കറുകൾ, ഓട്ടോഇമ്യൂൺ ഐഎൽഡി, പ്രോഗ്രസീവ് പൾമണറി ഫൈബ്രോസിസ്, പൾമണറി ഹൈപ്പർടെൻഷൻ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യും.

പൾമണോളജി, റേഡിയോളജി, പാത്തോളജി, റൂമറ്റോളജി വിഭാഗങ്ങളിലെ വിദഗ്ധർ പങ്കെടുക്കുന്ന മൾട്ടി ഡിസിപ്ലിനറി കേസ് ചർച്ചകൾ, ശാസ്ത്രീയ സംവാദങ്ങൾ, എച്ച്ആർസിടി ചിത്രങ്ങളുടെ വിശകലനം, നെഞ്ചിന്റെ ഇമേജിങ്ങിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പ്രയോഗം എന്നിവയിലെ മാസ്റ്റർ ക്ലാസുകൾ എന്നിവയും പരിപാടിയുടെ ഭാഗമാണ്. ബിരുദാനന്തര മെഡിക്കൽ വിദ്യാർഥികൾക്കായി പ്രത്യേക അക്കാദമിക് പരിപാടികളും ഒരുക്കിയിട്ടുണ്ട്.

ആഗോളതലത്തിലെ വിദഗ്ധ അറിവും നൂതന ചികിത്സാ മുന്നേറ്റങ്ങളും രാജ്യത്തെ ഡോക്ടർമാരിലേക്ക് എത്തിച്ച് ഐഎൽഡി രോഗനിർണയവും ചികിത്സയും മെച്ചപ്പെടുത്തുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യമെന്ന് ഡോ. അസ്മിത മേത്ത പറഞ്ഞു. കൂടുതൽ അറിവും വൈദഗ്ധ്യവും നേടുന്ന ഓരോ ഡോക്ടർക്കും നിരവധി രോഗികളുടെ ജീവിതം മെച്ചപ്പെടുത്താനാകും. സമ്മേളനത്തിന്റെ യഥാർഥ വിജയം അത് രോഗികളുടെ ചികിത്സയിൽ സൃഷ്ടിക്കുന്ന മാറ്റത്തിലാണ്,' അവർ വ്യക്തമാക്കി.

സമ്മേളനത്തിൽ പങ്കെടുക്കുന്ന വർക്ക് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ നാല് മണിക്കൂർ ക്രെഡിറ്റ് സമയം അനുവദിച്ചിട്ടുണ്ട്. മൂന്നാം പതിപ്പിലെത്തുന്ന ബിൽഡ് സമ്മിറ്റ്, ഇന്ത്യയിലെ ഐഎൽഡി ചികിത്സാരംഗത്ത് വിദഗ്ധ സഹകരണം ശക്തിപ്പെടുത്തുന്നതിനും തെളിവുകളുടെ അടിസ്ഥാനത്തിലുള്ള വിദഗ്ധ ചികിത്സ കൂടുതൽ രോഗികളിലേക്ക് എത്തിക്കുന്നതിനുമുള്ള വേദിയാകും.

സൊസൈറ്റി ടുഡേ
SOCIETY TODAY

നിക്ഷേപ നിർവഹണ രംഗത്തേക്ക് ഹൈലൈറ്റ് ഗ്രൂപ്പ്; 200 കോടിയുടെ എത്തിക്കൽ ഫണ്ട് അവതരിപ്പിക്കുന്നു

കോഴിക്കോട്: റിയൽ എസ്റ്റേറ്റ് രംഗത്ത് മൂന്ന് പതിറ്റാണ്ടിന്റെ പരിചയമുള്ള ഹൈലൈറ്റ് ഗ്രൂപ്പ് നിക്ഷേപ നിർവഹണ രംഗത്തേക്ക് പ്രവേശിക്കുന്നു. പുതിയ വിഭാഗമായ ഹൈലൈറ്റ് ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റിലൂടെ, റിയൽ എസ്റ്റേറ്റ് പദ്ധതികളിൽ നിക്ഷേപിക്കുന്ന 200 കോടിയുടെ ഹൈലൈറ്റ് എത്തിക്കൽ ഫണ്ട് I അവതരിപ്പിക്കുന്നു.

സെബിയിൽ കാറ്റഗറി II ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ടായി (എഐഎഫ്) രജിസ്റ്റർ ചെയ്ത ഈ ഫണ്ടിന് താസിസിന്റെ അംഗീകാരമുണ്ട്. ദീർഘകാല നിക്ഷേപം ലക്ഷ്യമിടുന്ന വൻകിട നിക്ഷേപകർക്കും സ്ഥാപനങ്ങൾക്കുമായാണ് ഫണ്ട് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഏഴ് വർഷമാണ് ഫണ്ടിന്റെ കാലാവധി. കുറഞ്ഞ നിക്ഷേപം 1 കോടി. ഫണ്ടിന്റെ വ്യവസ്ഥകൾക്ക് അനുസരിച്ച് 36 മാസത്തിനുള്ളിൽ ഗഡുക്കളായി തുക അടയ്ക്കാം. പുതിയ റിയൽ എസ്റ്റേറ്റ് പദ്ധതികളിലും നിലവിലുള്ള പദ്ധതികളുടെ വികസനത്തിലുമാകും നിക്ഷേപം. നാലാം വർഷം മുതൽ നിക്ഷേപകർക്ക് വിതരണം ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്; ഇത് പദ്ധതികളുടെ പുരോഗതിക്കും ഫണ്ടിന്റെ പ്രകടനത്തിനും വിധേയമായിരിക്കും.

ഓരോ നിക്ഷേപവും ശരീഅ മാർഗനിർദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ പരിശോധന നടത്തും. ഓഡിറ്റ്, ട്രസ്റ്റി, ബാങ്കിങ്, കസ്റ്റഡി, നിയമോപദേശം തുടങ്ങിയ സേവനങ്ങൾക്ക് പ്രമുഖ സ്ഥാപനങ്ങളുടെ സഹകരണവുമുണ്ട്.

'ഹൈലൈറ്റിന്റെ വളർച്ചയ്ക്ക് അടിത്തറയായ വിശ്വാസവും മൂല്യങ്ങളും ഈ സംരംഭത്തെയും നയിക്കും. ഉത്തരവാദിത്തത്തോടെയും ധാർമ്മിക തത്വങ്ങൾ പാലിച്ചും നിക്ഷേപങ്ങൾ കൈകാര്യം ചെയ്യുകയാണ് ലക്ഷ്യം, ഹൈലൈറ്റ് ഗ്രൂപ്പ് ചെയർമാൻ പി. സുലൈമാൻ പറഞ്ഞു. റിയൽ എസ്റ്റേറ്റ് രംഗത്തെ പരിചയവും പ്രൊഫഷണൽ നിക്ഷേപ നിർവഹണവും ഒരുമിപ്പിച്ച് നിക്ഷേപകർക്ക് ദീർഘകാല മൂല്യം സൃഷ്ടിക്കാനാണ് ശ്രമമെന്ന് ഗ്രൂപ്പ് സിഇഒ അജിൽ മുഹമ്മദ് വ്യക്തമാക്കി. ഫോക്കസ് മാൾ, ഹൈലൈറ്റ് മാൾ, ഹൈലൈറ്റ് സിറ്റി തുടങ്ങിയ പദ്ധതികളിലൂടെ കേരളത്തിന്റെ നഗരജീവിതത്തിന് പുതിയ അനുഭവങ്ങൾ സമ്മാനിച്ച ഹൈലൈറ്റ് ഗ്രൂപ്പ്, വികസനത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് കടക്കുകയാണ്. വേൾഡ് ട്രേഡ് സെന്റർ കോഴിക്കോട് ഉൾപ്പെടെയുള്ള പദ്ധതികളുമായി 2030ഓടെ അഞ്ച് കോടി ചതുരശ്ര അടി വികസനം എന്ന ലക്ഷ്യത്തിലേക്കാണ് ഗ്രൂപ്പ് മുന്നേറുന്നത്. മൂന്ന് പതിറ്റാണ്ടായി നേടിയ വിശ്വാസവും പദ്ധതികൾ നടപ്പാക്കിയ പരിചയവും പ്രയോജനപ്പെടുത്തി, നിക്ഷേപകർക്ക് ദീർഘകാല മൂല്യം സൃഷ്ടിക്കാനുള്ള ഈ യാത്രയുടെ തുടർച്ചയാണ് ഹൈലൈറ്റ് ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ്.

ഇന്നോവ ക്രിസ്റ്റ ലിമോ' അവതരിപ്പിച്ച് ടൊയോട്ട കിർലോസ്കർ മോട്ടോർ

കൊച്ചി: ഫ്ളീറ്റ്, വാണിജ്യ ആവശ്യങ്ങൾക്കായി വാഹനങ്ങൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കായി 'ഇന്നോവ ക്രിസ്റ്റ ലിമോ' പതിപ്പ് ടൊയോട്ട കിർലോസ്കർ മോട്ടോർ അവതരിപ്പിച്ചു. ഏഴ്, എട്ട് സീറ്റുകളിലായി ടാക്സി സർവീസുകൾക്കും ഫ്ളീറ്റ് ഓപ്പറേറ്റർമാർക്കുമുള്ള ഉപയോഗം ലക്ഷ്യമിട്ട് എത്തിച്ചിരിക്കുന്ന ലിമോ പതിപ്പിന് യഥാക്രമം 19.95 ലക്ഷം രൂപയും 19.99 ലക്ഷം രൂപയുമാണ് എക്സ്ഷോറൂം വില വരുന്നത്.



റെഗുലർ ഇന്നോവ ക്രിസ്റ്റയിൽ കരുത്തേകുന്ന 2.4 ലിറ്റർ നാല് സിലിണ്ടർ ഡീസൽ എൻജിനാണ് ലിമോ എഡിഷനിലും കരുത്തേകുന്നത്. ഈ എൻജിൻ 150 പി.എസ്. പവറും 343 എൻ.എം. ടോർക്കുമാണ് ഉത്പാദിപ്പിക്കുന്നത്. അഞ്ച് സ്പീഡ് മാനുവൽ ട്രാൻസ്മിഷനിലാണ് ക്രിസ്റ്റ നിരത്തുകളിൽ എത്തുന്നത്. ഏകദേശം 15 കിലോമീറ്റർ ഇന്ധനക്ഷമതയും, മൂന്ന് വർഷം അല്ലെങ്കിൽ ഒരുലക്ഷം കിലോമീറ്ററാണ് ഈ വാഹനത്തിന്റെ അടിസ്ഥാന വാറണ്ടി. ഇതിനുപുറമെ, ഉപയോക്താക്കൾക്ക് അഞ്ച് വർഷം അല്ലെങ്കിൽ രണ്ടുലക്ഷം കിലോമീറ്റർ വരെയുള്ള എക്സ്റ്റെൻഡഡ് വാറണ്ടിയും തിരഞ്ഞെടുക്കാൻ സാധിക്കും.

ടാറ്റ മോട്ടോഴ്സും ടേണോയും ധാരണയിൽ

കൊച്ചി: ഇലക്ട്രിക് ചെറുകിട വാണിജ്യ വാഹനങ്ങളുടെയും പിക്കപ്പുകളുടെയും ഉടമസ്ഥാവകാശം ലളിതമാക്കുന്നതിനായി ടാറ്റ മോട്ടോഴ്സ്, രാജ്യത്തെ ആദ്യ ബാറ്ററി ഇന്റലിജൻസ്, ലൈഫ് സൈക്കിൾ മാനേജ്മെന്റ് കമ്പനിയായ ഫിൻസോ ഇവി സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡുമായി (ടേണോ)

ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഇതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് പ്രത്യേക വായ്പാ പദ്ധതികൾ, വേഗത്തിലുള്ള വായ്പാ വിതരണം, സൗകര്യപ്രദമായ തിരിച്ചടവ് സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കും. വാഹനത്തിന്റെ മൂല്യത്തിന്റെ 25 ശതമാനം ഉറപ്പായ ബൈബാക്ക് ആനുകൂല്യവും പങ്കാളിത്തത്തിന്റെ ഭാഗമായി നൽകും.

ഇലക്ട്രിക് വാഹനങ്ങളിലേക്കുള്ള മാറ്റം പ്രോത്സാഹിപ്പിക്കുകയും പുനർവിൽപ്പന മൂല്യത്തെക്കുറിച്ചുള്ള ഉപഭോക്താക്കളുടെ ആശങ്കകൾ കുറയ്ക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ടാറ്റ മോട്ടോഴ്സിന്റെ ഇലക്ട്രിക് വാണിജ്യ വാഹന ശ്രേണിയിൽ ഏസ് പ്രോ ഇവി, ഏസ് ഇവി 1000, ഇൻട്ര ഇവി പിക്കപ്പ് എന്നിവ ഉൾപ്പെടുന്നു. രാജ്യത്തെ 150ലധികം നഗരങ്ങളിലായി 25,000ത്തിലധികം പൊതു ചാർജിങ് സൗകര്യങ്ങളും 200ലധികം പ്രത്യേക ഇവി സേവന കേന്ദ്രങ്ങളും കമ്പനിക്കുണ്ട്.

പ്രമേഹ പ്രതിരോധം തീൻമേശയിൽ നിന്ന് തുടങ്ങണമെന്ന് വിദഗ്ദ്ധർ



കൊച്ചി: പ്രമേഹം നേരത്തെ തിരിച്ചറിയുന്നതിനും അപകട സാധ്യത കുറയ്ക്കുന്നതിനും മുൻഗണന നൽകിക്കൊണ്ട് നവംബർ 14ന് ലോക പ്രമേഹ ദിനം ആചരിക്കുന്നു. ഇന്ത്യയിൽ ഏകദേശം 101 ദശലക്ഷം പ്രമേഹബാധിതരും, 136 ദശലക്ഷം പ്രീഡയബറ്റിക് അവസ്ഥയിൽ ഉള്ളവരുമുണ്ടെന്ന് ഐസിഎംആർ പഠനം വ്യക്തമാക്കുന്നു. സംസ്കരിച്ച ഭക്ഷണങ്ങളുടെയും പഞ്ചസാരയുടെയും അമിത ഉപയോഗം ഈ വെല്ലുവിളി വർദ്ധിപ്പിക്കുമ്പോൾ, പ്രാരംഭഘട്ട മുൻകരുതലുകൾ അത്യന്താപേക്ഷിതമായി മാറിയിരിക്കുകയാണ്. തീൻ മേശയിൽ നിന്ന് തന്നെയാണ് പ്രമേഹ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങേണ്ടത്. രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കുന്നതിൽ കാലിഫോർണിയ ബദാം പോലുള്ള നട്സുകൾ ദൈനംദിന ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് ഫലപ്രദമായ പ്രതിവിധിയാണെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു.

പ്രോട്ടീൻ (6 ഗ്രാം), നാരുകൾ (3 ഗ്രാം) എന്നിവയാൽ സമ്പുഷ്ടമായ ബദാം ശരീരത്തിന് ആവശ്യമായ മികച്ച പോഷണം നൽകുന്നു. പയറുവർഗങ്ങൾ, ധാന്യങ്ങൾ, പച്ചിലക്കറികൾ എന്നിവയ്ക്കൊപ്പം ബദാം പതിവായി കഴിക്കുന്നത് ആരോഗ്യകരമായ ജീവിതശൈലി രൂപപ്പെടുത്താൻ സഹായിക്കുമെന്ന് ഡൽഹി മാക്സ് ഹെൽത്ത്കെയറിലെ ഡയറ്റെറ്റിക്സ് റീജിയണൽ ഹെഡ് റിതിക സമദ്ദാർ വ്യക്തമാക്കി. 2024ലെ ഇന്ത്യൻ ഭക്ഷണ മാർഗനിർദ്ദേശങ്ങൾ പ്രകാരം സമീകൃതാഹാരത്തിന്റെ ഭാഗമായി പുരുഷന്മാർ പ്രതിദിനം 40 ഗ്രാമും സ്ത്രീകൾ 30 ഗ്രാമും നട്സുകൾ കഴിക്കുന്നത് ഉചിതമാണ്. ചിട്ടയായ ഇത്തരം ഭക്ഷണശീലങ്ങൾ പ്രമേഹ സാധ്യത തടയുന്നതിനും ദീർഘകാല ആരോഗ്യ സംരക്ഷണത്തിനും നിർണായക പങ്കുവഹിക്കുമെന്നും വിദഗ്ദ്ധർ ചൂണ്ടിക്കാട്ടി.

യാത്രാ ഇളവുകളുമായി ആമസോൺ പേ

കൊച്ചി: ആമസോൺ പേയുടെ പ്രമുഖ വിൽപ്പന ക്യാമ്പയിനായ 'ഇംപോസിബിൾ ട്രാവൽ ഡീൽസ്' വീണ്ടും എത്തുന്നു. 2026 നവംബർ 12 മുതൽ 26 വരെ നടക്കുന്ന 15 ദിവസത്തെ മെഗാ സെയിലിൽ ആഭ്യന്തര, അന്താരാഷ്ട്ര വിമാന ടിക്കറ്റുകൾക്ക് 30 ശതമാനം വരെയും ഹോട്ടൽ ബുക്കിങ്ങുകൾക്ക് 65 ശതമാനം വരെയും ഇളവുകൾ ലഭിക്കും.

ഡൽഹി,ബാങ്കോക്ക് വിമാന ടിക്കറ്റുകൾ 12,299 രൂപ മുതൽ, മുംബൈ,ദുബായ് 13,999 രൂപ മുതൽ, കൊൽക്കത്ത ,ഹോ ചി മിൻ സിറ്റി 15,599 രൂപ മുതൽ എന്നിങ്ങനെയാണ് അന്താരാഷ്ട്ര യാത്രകൾക്കുള്ള പ്രത്യേക നിരക്കുകൾ. ആഭ്യന്തര യാത്രകൾക്കായി മുംബൈ,ഗോവ 3,099 രൂപ മുതൽ, ബെംഗളൂരു,കൊച്ചി 4,199 രൂപ മുതൽ, മുംബൈ,ഡൽഹി 6,099 രൂപ മുതൽ ടിക്കറ്റുകൾ ലഭിക്കും.

ഹോട്ടൽ ബുക്കിങ്ങുകളിൽ പഞ്ചനക്ഷത്ര ഹോട്ടലുകൾക്ക് 65 ശതമാനം വരെ ഇളവുകളുണ്ട്. ദുബായിലെ ദുസിത് താനി 6,649 രൂപ മുതൽ, സിംഗപ്പൂരിലെ കാർൾട്ടൺ സിറ്റി ഹോട്ടൽ 15,089 രൂപ മുതൽ, ഗോവയിലെ ഹോട്ടലുകൾ 4,899 രൂപ മുതൽ, കൊച്ചിയിലെ ഹോട്ടലുകൾ 3,549 രൂപ മുതൽ എന്നിങ്ങനെയാണ് തിരഞ്ഞെടുത്ത ഓഫറുകൾ.

ആമസോൺ പേ ഐസിഐസിഐ ബാങ്ക് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്ന പ്രൈം അംഗങ്ങൾക്ക് വിമാന, ഹോട്ടൽ ബുക്കിങ്ങുകളിൽ അധികമായി അഞ്ച് ശതമാനം ക്യാഷ്ബാക്കും പ്രൈം അംഗങ്ങളല്ലാത്തവർക്ക് മൂന്ന് ശതമാനം ക്യാഷ്ബാക്കും ലഭിക്കും. ബസ് ബുക്കിങ്ങുകൾക്ക് 17 ശതമാനം വരെ ഇളവിനൊപ്പം 100 രൂപയുടെ ഫ്ലാറ്റ് ക്യാഷ്ബാക്കും ലഭ്യമാണ്.

നവംബർ 12, 13 തീയതികളിൽ എല്ലാ ഉപഭോക്താക്കൾക്കുമായി എർലി ബേർഡ് ഓഫറുകൾ ലഭ്യമാകും. ഈ ദിവസങ്ങളിൽ വിമാന ടിക്കറ്റുകൾക്ക് 500 രൂപ വരെ (10 ശതമാനം), ഹോട്ടൽ ബുക്കിങ്ങുകൾക്ക് 10,000 രൂപ വരെ (10 ശതമാനം) ക്യാഷ്ബാക്കും 250 രൂപയ്ക്ക് മുകളിലുള്ള ബസ് ബുക്കിങ്ങുകൾക്ക് 100 രൂപ ക്യാഷ്ബാക്കും ലഭിക്കും. നവംബർ 14 മുതൽ വിമാന, ഹോട്ടൽ ബുക്കിങ്ങുകളിലെ ക്യാഷ്ബാക്ക് ഓഫറുകൾ ആമസോൺ പേ വഴി ആദ്യമായി യാത്രാ ബുക്കിങ് നടത്തുന്ന ഉപഭോക്താക്കൾക്ക് മാത്രമായി ലഭ്യമാകും. ലോകമെമ്പാടുമുള്ള 4,000 നഗരങ്ങളിലായി 1,100ലധികം വിമാനക്കമ്പനികളുമായും ഇന്ത്യയിലെ ഒരു ലക്ഷത്തിലധികം ഹോട്ടലുകളുമായും ആഗോളതലത്തിൽ 70 ലക്ഷത്തിലധികം താമസസൗകര്യങ്ങളുമായും ആമസോൺ പേയുടെ യാത്രാ ബുക്കിങ് സേവനം ബന്ധിപ്പിച്ചിരിക്കുന്നു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com